LIBRARY ARCHIVES Kerala Legislative Assembly

(17) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടേരിക്കടവ് പ്രദേശം ഇന്ത്യയിലെ ഐ.ബി.എ. (Important Bird Areas) പട്ടികയിലുള്ളതാണ്. അവിടെ 224 ഇനം പക്ഷികളുണ്ട്. അതിൽ അറുപത് ശതമാനവും ദേശാടന പക്ഷികളാണ്. യൂറോപ്പിൽ നിന്നുവരുന്ന ആറായിരത്തോളം വാലൻ എരണ്ടകൾ, നാലായിരത്തോളം വരി എരണ്ടകൾ കൂടാതെ പന്ത്രണ്ടിനം വംശനാശം സംഭവിച്ച പക്ഷികളുൾപ്പെടെയുള്ള ഏറ്റവും ശ്രദ്ധേയമായ പ്രദേശമാണത്. കാട്ടാമ്പള്ളി തണ്ണീർത്തടത്തിൽ വന്യജീവി ഗവേഷകനായ ശ്രീ. റോഷ്നാഥ് രമേശ് നടത്തിയ പഠനത്തിൽ പറയുന്നത് 69 ഇനം പൂമ്പാറ്റകൾ, 55 ഇനം തുമ്പികൾ, 75 ഇനം മത്സ്യങ്ങൾ, 8 ഇനം തവളകൾ, 32 ഇനം ഉരഗങ്ങൾ, 27 ഇനം സസ്തനികൾ തുടങ്ങിയ നിരവധി വന്യജീവികളുണ്ട് എന്നാണ്. അദ്ദേഹത്തിന്റെ പഠനത്തിൽ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കണം. അദ്ദേഹത്തിന് ഇന്നലെ ഈ വിഷയത്തിൽ ഡോക്ടറേറ്റ് ബിരുദം ലഭിച്ച കാര്യംകൂടി സന്തോഷപൂർവ്വം അറിയിച്ചുകൊണ്ട് ഐ.ബി.എ. പട്ടികയിലുള്ള മുണ്ടേരിക്കടവ്-കാട്ടാമ്പള്ളി തണ്ണീർത്തട പ്രദേശത്തെ നിർദ്ദേശിക്കപ്പെട്ട നിലയിലുള്ള കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി തന്നെ മുൻകയ്യെടുത്ത് മുണ്ടേരി ഗ്രാമപഞ്ചായത്തിൽ രൂപം നൽകിയതാണ് മുണ്ടേരി ഇക്കോ ടൂറിസം പദ്ധതി. അത് വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു*.

(18) മുല്ലശ്ശേരി- കാഞ്ഞാണി റോഡ് നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, മുല്ലശ്ശേരി - കാഞ്ഞാണി റോഡിന് 2017-ൽ മൂന്നര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ച സമയത്താണ് 'അമൃത് കുടിവെള്ള' പദ്ധതി പ്രാബല്യത്തിൽ വന്നത്. അതിന്റെ ഭാഗമായി മുല്ലശ്ശേരി - കാഞ്ഞാണി റോഡിന്റെ നിർമ്മാണം തടസ്സപ്പെടുകയുണ്ടായി. ഈ റോഡിന്റെ ഭരണാനുമതി കാലാവധി കഴിഞ്ഞിരിക്കുകയാണ്. അടിയന്തരമായി ഭരണാനുമതി പുതുക്കി നൽകി ഈ B.M.&B.C. (Bituminous Macadam and Bituminous Concrete) റോഡ് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജോലി നോക്കുന്ന അദ്ധ്യാപകർ, അനദ്ധ്യാപകർ, അതിൽ കെ.ഇ.ആർ. പ്രകാരം യോഗ്യതയുള്ളവർ, വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം എന്നിവ വിശദമായി പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി ചുരുങ്ങിയത് 4 മാസത്തെ സമയമെങ്കിലും ആവശ്യമാണ്. അതിനാൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനോട് നാല് മാസത്തെ സമയം നീട്ടി ചോദിക്കുവാൻ 23-7-2021-ലെ N3/37/2021/GEDN നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലായതിനാൽ സബ്ജ്ഡ്യൂഡീസ് ആണ്. ആയതിനാൽ ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം നൽകുവാൻ ഇപ്പോൾ സാധിക്കുകയില്ല.

17.(ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലുൾപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകി ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആരംഭിച്ചതാണ് മുണ്ടേരി ഇക്കോ ടൂറിസം പദ്ധതി. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി തന്നെ മുൻകയ്യെടുത്തുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മുണ്ടേരി ഗ്രാമപഞ്ചായത്ത് രൂപം നൽകിയ 73.5 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ദേശാടന പക്ഷികളുടെ പ്രധാന സങ്കേതമായ ഇവിടെ ആ ആവാസവ്യവസ്ഥ നിലനിർത്തിക്കൊണ്ടുള്ള പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്. പ്രകൃതിയെക്കുറിച്ച് പഠിക്കാനെത്തുന്നവർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതിരിക്കാൻ വിനോദ സഞ്ചാര പാക്കേജുകൾ വഴി അനുവദിച്ചിരിക്കുന്ന സഞ്ചാരികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. അവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന ലക്ഷ്യവുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിന് മാതൃകയാക്കാവുന്ന ഒരു പദ്ധതിയായി മുണ്ടേരി ഇക്കോ ടൂറിസം പദ്ധതിയെ മാറ്റിത്തീർക്കാനുള്ള കൂട്ടായ പരിശ്രമമാണ് നടത്തുന്നത്.